**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4716** **29-10-2021 - ൽ മറുപടിയ്ക്ക്**

**വെള്ളായണിയിലെ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംശദായം അടയ്ക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളായണി കായലിൽ മത്സ്യബന്ധനം നടത്തി ഉപജീവനമാർഗ്ഗം നടത്തുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കൊഞ്ച്, കരിമീൻ, കാർപ്പ് തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ കൂടുതലായി നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ച് വരുന്നു |
| (ബി) | മേൽപ്പറഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംശദായം അടയ്ക്കുന്നതിന് വർക്കലയിൽ എത്തിച്ചേരേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി വിഴിഞ്ഞത്ത് ക്ഷേമനിധി അടയ്ക്കുന്നതിന് സംവിധാനമൊരുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | തിരുവനന്തപുരം ജില്ലയിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നിലവിൽ ചിലക്കൂർ (വർക്കല) ഫിഷറീസ് ഓഫീസിൽ ആണ് ക്ഷേമനിധി വിഹിതം അടച്ചുവരുന്നത്. വെള്ളായണി കായലിൽ മത്സ്യബന്ധനം നടത്തുന്ന 30 ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നിലവിൽ ചിലക്കൂർ ഫിഷറീസ് ഓഫീസിന്റെ കീഴിൽ അംഗങ്ങളായിട്ടുണ്ട്. ഇവർക്ക് ഫിഷറീസ് ഓഫീസിൽ വർഷത്തിൽ ഒരിക്കൽ മാത്രമേ വിഹിതം അടക്കേണ്ടതുള്ളൂ. ചിലക്കൂർ ഫിഷറീസ് ഓഫീസിൽ ഈ മത്സ്യത്തൊഴിലാളികൾ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് എത്തിച്ചേരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് ചിലക്കൂർ ഫിഷറീസ് ഓഫീസർ മുൻകൂട്ടി അറിയിപ്പ് നൽകി വിഴിഞ്ഞം ഫിഷറീസ് ഓഫീസിൽ എത്തി, വാർഷിക വിഹിതം സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ